# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 16160/AD A3/4/2020/ADMIN തീയതി, 13.05.2020

കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിയന്ത്രണങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച **സ.ഉ.(കൈ) നം. 86/2020/പൊ.ഭ.വ തീയതി, 04.05.2020** ഉത്തരവ്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR 1 (ADMIN)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #1 of File 16160/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 13-May-2020 12:17 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

"ഭരണഭാഷ – മാതൃഭാഷ"

# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ- നിയന്ത്രണങ്ങളും നടപടിക്രമങ്ങളും - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

**സ.ഉ.(കൈ) നം. 86/2020/പൊ.ഭ.വ** **തിരുവനന്തപുരം, തീയതി, 04.05.2020**

---

പരാമർശം : 1. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 01.05.2020 ലെ 40-3/2020-ഡിഎം-1(എ) ഉത്തരവ്
2. സ.ഉ (കൈ) നം. 85/2020/പൊ.ഭ.വ. തീയതി 02.05.2020

**<u>ഉത്തരവ്</u>**

കോവിഡ്-19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്ത് നിലനിൽക്കുന്ന ലോക്ക്ഡൗൺ 2020 മെയ് 17 വരെ ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് നടപ്പാക്കാൻ പരാമർശം (2) ലെ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾ പരിഗണിച്ച് മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതോടൊപ്പം തന്നെ കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് കൂടുതൽ നിയന്ത്രണങ്ങളും നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റെഡ്സോൺ ജില്ലകളിലെ ഹോട്ട്സ്പോട്ട് (കണ്ടയിൻമെന്റ് സോൺ) പ്രദേശങ്ങളിൽ നിലവിലുള്ള ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ കർശനമായി തുടരുന്നതാണ്. മറ്റു പ്രദേശങ്ങളിൽ ആവശ്യമായ ഇളവുകൾ നൽകുന്നതാണ്.
2. ഓറഞ്ച് സോണുകളിലെ ഹോട്ട്സ്പോട്ടുകളിൽ (കണ്ടയിൻമെന്റ് സോണുകളിൽ) നിലവിലെ ലോക്ക്ഡൗൺ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഹോട്ട്സ്പോട്ടുകളുള്ള നഗരസഭകളുടെ കാര്യത്തിൽ അതത് വാർഡുകളിലാണ് ഇത് സംബന്ധിച്ച ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കേണ്ടത്. പഞ്ചായത്തുകളുടെ കാര്യത്തിൽ പ്രസ്തുത വാർഡുകളിലും കൂടിച്ചേർന്ന് കിടക്കുന്ന വാർഡുകളിലും ലോക്ക്ഡൗൺ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
3. ഗ്രീൻ സോൺ ജില്ലകളിലും പൊതുവിലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
4. കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം കണ്ടയിൻമെന്റ് സോണുകൾ കേസുകളുടെയും കോണ്ടാക്ടുകളുടെയും മാപ്പിംഗ്, കേസുകളുടെയും കോണ്ടാക്ടുകളുടെയും വ്യാപനം എന്നിവ പരിഗണിച്ച് ജില്ലാ ഭരണകൂടം നിശ്ചയിക്കേണ്ടതാണ്. ഇത്തരം നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതിക്ക് സമർപ്പിച്ചശേഷം സമിതിയുടെ നിർദ്ദേശപ്രകാരം വിജ്ഞാപനം ചെയ്യേണ്ടതാണ്. കേന്ദ്ര സർക്കാർ പൊതുവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ സംസ്ഥാനത്ത് പ്രത്യേകം എടുത്തു പറയാത്ത കാര്യങ്ങളിൽ പ്രാവർത്തികമാക്കുന്നതാണ്.

5. താഴെപ്പറയുന്ന കാര്യങ്ങൾ ഗ്രീൻ സോണുകളിൽ ഉൾപ്പെടെ അനുവദിക്കുന്നതല്ല.

1. പൊതുഗതാഗതം
2. സ്വകാര്യ വാഹനങ്ങളിൽ ഡ്രൈവർക്കു പുറമെ രണ്ടു പേരിൽ കൂടുതൽ യാത്ര ചെയ്യാൻ പാടില്ല. എസി പ്രവർത്തിപ്പിക്കുന്നത് കഴിവതും ഒഴിവാക്കണം (ഹോട്ട്സ്പോട്ടുകളിൽ ഒഴികെ)
3. ടൂ വീലറുകളിൽ പിൻസീറ്റ് യാത്ര കഴിയുന്നതും ഒഴിവാക്കണം. അത്യാവശ്യ സർവ്വീസിനായി പോകുന്നവർക്ക് ഇളവ് അനുവദിക്കണം (ഹോട്ട്സ്പോട്ടുകളിൽ ഒഴികെ)
4. ആളുകൾ കൂടിച്ചേരുന്ന പരിപാടികൾ.
5. സിനിമാ ടാക്കീസ്, ആരാധനാലയങ്ങൾ തുടങ്ങിയവയിൽ നിലവിലെ നിയന്ത്രണം തുടരും.
6. പാർക്കുകൾ, ജിംനേഷ്യം
7. മദ്യഷാപ്പുകൾ
8. മാളുകൾ, ബാർബർ ഷാപ്പുകൾ തുറക്കരുത്.
9. വിവാഹ/മരണാനന്തര ചടങ്ങുകളിൽ ഇരുപതിലധികം ആളുകൾ പങ്കെടുക്കുന്നത് അനുവദിക്കുന്നതല്ല.
10. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ അനുവദിക്കുന്നതല്ല. പരീക്ഷ നടത്തിപ്പിനായി മാത്രം നിബന്ധനകൾ പാലിച്ച് തുറക്കാവുന്നതാണ്.
11. അവശ്യ സർവ്വീസുകളല്ലാത്ത സർക്കാർ ഓഫീസുകൾ 22.04.2020 എസ്.എസ്-1/91/2020/പൊ.ഭ.വ. സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി മെയ് 17 വരെ പ്രവർത്തിക്കുന്നതാണ്. (ശനിയാഴ്ച സർക്കാർ ഓഫീസുകൾക്ക് ലോക്ക്ഡൗൺ അവസാനിക്കുന്നതുവരെ അവധി ദിവസമായിരിക്കും) ഗ്രൂപ്പ് എ & ബി ഉദ്യോഗസ്ഥരുടെ 50 ശതമാനവും സി & ഡി ഉദ്യോഗസ്ഥരുടെ 33 ശതമാനവും ഓഫീസുകളിൽ ഹാജരാകേണ്ടതാണ്.

6. അനുവദനീയമായ കാര്യങ്ങൾ :

1. ഗ്രീൻ സോണുകളിൽ കടകളുടെ പ്രവർത്തന സമയം രാവിലെ 7 മുതൽ രാത്രി 7.30 വരെ ആയിരിക്കും. അകലം സംബന്ധിച്ച നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇത് ആഴ്ചയിൽ ആറു ദിവസം അനുവദിക്കാവുന്നതാണ്. ഓറഞ്ച് സോണുകളിൽ നിലവിലെ സ്ഥിതി തുടരും. ഞായറാഴ്ച ദിവസങ്ങളിൽ എല്ലാ സോണുകളിലും പൂർണ്ണമായ ലോക്ക്ഡൗണായിരിക്കും. ഈ ദിവസം അനുവദനീയമായ കാര്യങ്ങൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.
2. ഗ്രീൻ സോണുകളിലെ സേവന മേഖലയിലെ സ്ഥാപനങ്ങൾ ആഴ്ചയിൽ മൂന്നു ദിവസം പരമാവധി 50 ശതമാനം ജീവനക്കാരുടെ സേവനം ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്. ഓറഞ്ച് സോണുകളിൽ നിലവിലെ സ്ഥിതി തുടരും.
3. ഹോട്ട് സ്പോട്ടുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ഹോട്ടൽ & റസ്റ്റോറന്റുകൾക്ക് പാഴ്സലുകൾ നൽകാനായി തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കാവുന്നതാണ്. നിലവിലുള്ള സമയക്രമം പാലിക്കേണ്ടതാണ്.

4. ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് നിലവിലെ സ്ഥിതി തുടരാവുന്നതാണ്. ഒന്നിലധികം നിലകളില്ലാത്ത ചെറുകിട ടെക്സ്റ്റയിൽ സ്ഥാപനങ്ങൾ അഞ്ചിൽ താഴെ ജീവനക്കാരുടെ സേവനത്തോടെ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കാവുന്നതാണ്. ഇളവുകൾ ഗ്രീൻ/ ഓറഞ്ച് സോണുകൾക്ക് മാത്രം ബാധകമാണ്.

5. ഗ്രീൻ / ഓറഞ്ച് സോണുകളിൽ നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഹോട്ട്സ്പോട്ടുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ തുടർന്നും പ്രവർത്തിക്കാവുന്നതാണ്.

7. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കി, പ്രാദേശിക ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ജില്ലാ ഭരണകൂടം പരിഗണിച്ച് ജില്ലാ കളക്ടർ, ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ശിപാർശ സമർപ്പിക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി, ആഭ്യന്തര- ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, റവന്യൂ-തദ്ദേശ-ആരോഗ്യ-ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഉന്നതതല സമിതി ഈ ശിപാർശകൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഇത്തരത്തിൽ പൊതുവായ സമീപനത്തിൽ നിന്നുകൊണ്ട് ആവശ്യമായ പ്രാദേശിക ഭേദഗതികൾ മാനുഷികപരിഗണന കൂടി കണക്കിലെടുത്ത് വേണം ജില്ലാ കളക്ടർമാർ തയ്യാറാക്കേണ്ടത്.

8. പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട കാര്യങ്ങൾ :

കോവിഡ് രോഗബാധ ചില പ്രത്യേക വിഭാഗങ്ങളിൽ സവിശേഷമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് കണക്കിലെടുത്തുള്ള ഇടപെടലുകൾ ആവശ്യമാണ്. അതിനായി പ്രായമായവർ, കിഡ്നി, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗബാധിതർ എന്നിവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അതിനായി വീട്ടുകാരെ ബോധവൽക്കരിക്കുന്നതിന് എല്ലാ വീട്ടിലും ഇക്കാര്യങ്ങൾ ഉൾക്കൊള്ളുന്ന വീഡിയോ സന്ദേശങ്ങൾ എത്തിക്കാൻ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനവും ബോധവൽക്കരണവും ഉറപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. സർക്കാർ പൊതുവിൽ തീരുമാനിക്കുന്ന പ്രവർത്തനങ്ങൾ താഴെത്തട്ടിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രാദേശിക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും അവയ്ക്ക് ചുമതലകൾ നിശ്ചയിച്ച് പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

2. മോണിറ്ററിംഗ് സമിതിയിൽ റസിഡൻസ് അസോസിയേഷൻ ഉണ്ടെങ്കിൽ അതിന്റെ പ്രതിനിധി, അല്ലെങ്കിൽ പ്രദേശത്തെ നാട്ടുകാരുടെ രണ്ട് പ്രതിനിധികൾ, വാർഡ് മെമ്പർ/ കൗൺസിലർ, പോലീസ് എസ്.ഐ, വില്ലേജ് ഓഫീസർ അല്ലെങ്കിൽ പ്രതിനിധി, ചാർജ്ജുള്ള തദ്ദേശസമിതി ഉദ്യോഗസ്ഥൻ, സന്നദ്ധപ്രവർത്തകരുടെ പ്രതിനിധി, അംഗൻവാടി ഉണ്ടെങ്കിൽ അതിലെ ടീച്ചർ, കുടുംബശ്രീയുടെ ഒരു പ്രതിനിധി, പെൻഷനേഴ്സ് യൂണിയന്റെ പ്രതിനിധി, വാർഡിലെ ആശാ വർക്കർ എന്നിവർ അംഗങ്ങളാകും.

3 <u>ഉത്തരവാദിത്തങ്ങൾ</u>:

ഈ മോണിറ്ററിംഗ് സമിതി വീടുകളുമായി ബന്ധപ്പെട്ട് പ്രായമായവരുടെയും മറ്റും കാര്യത്തിൽ പ്രത്യേക കരുതൽ എടുക്കുന്നു എന്ന് ഉറപ്പുവരുത്തണം.

ഇത്തരത്തിലുള്ളവർ ഉള്ള വീടുകൾ പ്രത്യേകം കണക്കാക്കി പ്രസ്തുത വീടുകളിൽ മോണിറ്ററിംഗ് സമിതിയുടെ ഒരാൾ എല്ലാ ദിവസവും സന്ദർശിക്കണം.

ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ആരോഗ്യപ്രവർത്തകരുടെ കൂട്ടായ്മ രൂപീകരിക്കണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഡോക്ടർമാരുടെ പ്രത്യേക ചുമതല ഉണ്ടാവണം. ഡി.എം.ഒ ഇതിന്റെ വിശദാംശങ്ങൾ ആസൂത്രണം ചെയ്യണം. ഇക്കാര്യങ്ങളിൽ സ്വകാര്യ ആശുപത്രികളുടെ സേവനം കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

4. <u>പ്രധാനമായും ചെയ്യേണ്ട കാര്യങ്ങൾ</u>:

(എ) ടെലിമെഡിസിൻ : ഇതുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും നേരത്തെ ആസൂത്രണം ചെയ്യേണ്ടതാണ്. ടെലിമെഡിസിൻ സംവിധാനത്തിൽ ബന്ധപ്പെടാവുന്ന ഡോക്ടർമാരെക്കുറിച്ചുള്ള പൂർണ്ണ വിവരം ഇത്തരം വീടുകളിലും എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ഡോക്ടർമാരുമായുള്ള ആശയവിനിയമത്തിൽ ഡോക്ടർക്ക് രോഗിയെ കാണണമെന്ന് തോന്നിയാൽ രോഗിയുടെ വീട്ടിലേക്ക് പോകാൻ പി.എച്ച്.സികൾ വാഹന സൗകര്യം ഒരുക്കേണ്ടതാണ്.

(സി) ഓരോ പഞ്ചായത്തിലും ഒരു മൊബൈൽ ക്ലിനിക്ക് സംവിധാനം ഒരുക്കേണ്ടതാണ്. ഈ സംവിധാനത്തിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഒരു പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഒന്നിച്ചുണ്ടാവുമെന്ന് ഉറപ്പാക്കേണ്ടതാണ്.

9. മടങ്ങിവരുന്ന പ്രവാസികളെ സംബന്ധിച്ച്

1. വിദേശരാജ്യങ്ങളിൽ നിന്നും പ്രവാസികൾ മടങ്ങിവരുന്നതുമായി ബന്ധപ്പെട്ട് താഴപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(എ) കേരളത്തിലെ എയർപോർട്ടുകളിൽ മടങ്ങിവരുന്ന പ്രവാസികളുടെ കോവിഡ്-19 സ്ക്രീനിങ്ങിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

(ബി) ശാരീരിക അകലം പാലിച്ച് മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം സ്ക്രീനിംഗ് നടത്തേണ്ടത്. സ്ക്രീനിങ്ങിൽ രോഗലക്ഷണങ്ങളുള്ള യാത്രക്കാരെ സർക്കാർ ഒരുക്കിയിട്ടുള്ള നിരീക്ഷണ കേന്ദ്രത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(സി) മേൽപ്പറഞ്ഞ നിരീക്ഷണ കേന്ദ്രങ്ങളിൽ കഴിയുമ്പോൾ കോവിഡ്-19 പരിശോധനാ ഫലം പോസിറ്റീവാണെങ്കിൽ അവരെ കോവിഡ് സെന്ററുകളിലേക്ക് മാറ്റേണ്ടതാണ്.

(ഡി) സ്ക്രീനിങ്ങിൽ രോഗലക്ഷണങ്ങൾ ഇല്ലെന്ന് കാണുന്നവരെ പ്രത്യേക വഴികളിലൂടെ പുറത്തിറക്കി എയർപോർട്ടിൽ നിന്ന് അവരുടെ വീടുകളിൽ പോകാൻ അനുവദിക്കുന്നതാണ്. ഇവർ വീടുകളിലേക്ക് പോകുന്ന വഴിക്ക് എവിടെയും ഇറങ്ങാനോ ആളുകളുമായി ഇടപഴകാനോ പാടില്ല. അവർ വീടുകളിൽ 14 ദിവസം ക്വാറന്റയിനിൽ കഴിയേണ്ടതാണ്.

2. വീടുകളിലേക്ക് പോകുന്ന പ്രവാസികളും വീട്ടുകാരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

പ്രവാസികളും വീട്ടുകാരും പാലിക്കേണ്ട അത്യാവശ്യ മുൻകരുതലുകളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

(എ) മടങ്ങിവരുന്നവരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവർക്ക് വീട്ടിൽ ക്വാറന്റയിന് ആവശ്യമായ സൗകര്യമുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രത്യേക മുറിയും ബാത്ത് റൂമും ടോയ്‌ലറ്റും ക്വാറന്റയിനിൽ കഴിയുന്ന ആൾ ഉപയോഗിക്കണം. ഈ

സൗകര്യമില്ലാത്ത വീടാണെങ്കിൽ സർക്കാർ ഇത്തരക്കാർക്കുവേണ്ടി ഒരുക്കുന്ന ക്വാറൻറയിൻ കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്.

(ബി) മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരുടെ വീട്ടിൽ പെട്ടെന്ന് രോഗം പിടിപെടാൻ സാധ്യതയുള്ള ആളുണ്ടെങ്കിൽ കരുതൽ എന്ന നിലയ്ക്ക് മടങ്ങിവരുന്ന പ്രവാസികൾ വേറെ താമസിക്കുന്നതിന് തയ്യാറാകേണ്ടതാണ്. അത്തരക്കാരെ സർക്കാർ ഒരുക്കുന്ന കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്.

(സി) മേൽപ്പറഞ്ഞ വിഭാഗത്തിന് ഹോട്ടലിൽ പ്രത്യേക മുറിയിൽ താമസിക്കണമെന്നുണ്ടെങ്കിൽ അവരുടെ ചെലവിൽ അതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

(ഡി) ഇത്തരക്കാരെ താമസിപ്പിക്കാൻ രോഗലക്ഷണമുള്ളവരെ പാർപ്പിക്കുന്ന ക്വാറൻറയിൻ കെട്ടിടമല്ലാതെ മറ്റൊരു കെട്ടിടം എല്ലാ ജില്ലകളിലും കണ്ടെത്തേണ്ടതാണ്.

(ഇ) ഇവരെ ബന്ധപ്പെടുന്നത് മേൽപ്പറഞ്ഞ മോണിറ്ററിംഗ് സംവിധാനം വഴിയായിരിക്കണം. ഇവരുടെ കാര്യത്തിലും ടെലിമെഡിസിൻ, മൊബൈൽ ക്ലിനിക് എന്നിവ ബാധകമാക്കേണ്ടതാണ്.

(എഫ്) ഇപ്രകാരമുള്ള ആളുകൾ ക്വാറന്റയിൻ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് പോലീസ് ഉറപ്പുവരുത്തണം.

3. **മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന കേരളീയർ**

(എ) മുൻഗണനാ ലിസ്റ്റിൽ പെട്ടവർക്കാണ് ആദ്യഘട്ടത്തിൽ അനുമതി നൽകുക. ഇതിൽ വിദ്യാർത്ഥികൾ (പ്രത്യേകിച്ച് അവധിക്കാല ക്യാമ്പുകൾക്കും മറ്റുമായി മറ്റ സംസ്ഥാനങ്ങളിൽ പോയവർ), കേരളത്തിൽ സ്ഥിരതാമസക്കാരായ മുതിർന്ന പൗരൻമാർ, ഗർഭിണികൾ, മറ്റ് ആരോഗ്യ ആവശ്യങ്ങളുള്ളവർ മുതലായവർ ഉൾപ്പെടും.

(ബി) ഇവരുടെ യാത്രക്കായി സർക്കാർ ഒരുക്കിയിട്ടുള്ള ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

(സി) നിശ്ചിത സംസ്ഥാന അതിർത്തികളിൽ എത്തുന്നവരെ ആരോഗ്യപരിശോധനയ്ക്ക് വിധേയരാക്കും. രോഗലക്ഷണമുള്ളവരാണെങ്കിൽ സർക്കാർ ഒരുക്കിയ ക്വാറന്റയിനിലേക്ക് മാറ്റും.

(ഡി) ആരോഗ്യപ്രശ്നമില്ലാത്തവർക്ക് വിദേശത്തുനിന്ന് വന്ന പ്രവാസികളെപ്പോലെ നേരെ വീട്ടിലേക്ക് പോകാം. 14 ദിവസം വീട്ടിൽ ക്വാറൻറയിനിൽ കഴിയണം. വിദേശത്തുനിന്ന് വരുന്ന പ്രവാസികളെക്കുറിച്ച് പറഞ്ഞ മാനദണ്ഡങ്ങളെല്ലാം ഇവർക്കും ബാധകമാണ്.

(ഇ) ഇത്തരം ആളുകൾ ക്വാറൻറയിൻ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് പോലീസ് ഉറപ്പുവരുത്തേണ്ടതാണ്.

4. **സമിതി രൂപീകരികരണം :**

(എ) പ്രവാസികളുടെ തിരിച്ചുവരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. താഴെ പറയുന്നവരെ ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതാണ്.

I. തദ്ദേശസ്ഥാപനത്തിലെ പ്രതിപക്ഷ നേതാവ്,
II. ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ,
III. എം.എൽഎ/എം.എൽ.എയുടെ പ്രതിനിധി
IV. പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി,
V. വില്ലേജ് ഓഫീസർ,

VI. തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറി,
VII. പി.എച്ച്.സി മേധാവി, സഹകരണ ബാങ്ക് പ്രസിഡന്റ്
VIII. സാമൂഹ്യസന്നദ്ധ സേനയുടെ ഒരു പ്രതിനിധി,
IX. കുടുംബശ്രീ പ്രതിനിധി,
X. ആശാ വർക്കർമാരുടെ പ്രതിനിധി,
XI. പെൻഷനേഴ്സ് യൂണിയന്റെ പ്രതിനിധി.

(ബി) ഈ പ്രവർത്തനങ്ങളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതും അവലോകനം നടത്തുന്നതും ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതും ജില്ലാ കളക്ടർ, എസ്.പി, ഡി.എം.ഒ, ജില്ലാ പഞ്ചായത്ത് ഓഫീസർ എന്നിവരടങ്ങുന്ന ഒരു സമിതിയായിരിക്കും

(സി) ആരോഗ്യ സംബന്ധമായ പരിശോധനയുടെയും മറ്റും ഉത്തരവാദിത്തം ആരോഗ്യവകുപ്പിനായിരിക്കും.

(ഡി) ആവശ്യമായ സുരക്ഷ ഒരുക്കലും മാനദണ്ഡങ്ങൾ ലംഘിക്കില്ലെന്ന് ഉറപ്പുവരുത്തലും പോലീസിന്റെ ചുമതലയായിരിക്കും.

(ഇ) സംസ്ഥാനത്തിന്റെ പൊതുവായ കാഴ്ചപ്പാട് മനസ്സിലാക്കി പ്രവർത്തിക്കുന്ന വിധത്തിൽ വിവിധ കമ്മിറ്റികളെ സജ്ജരാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ഒരോ കമ്മിറ്റിക്കും നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ടോം ജോസ്**

**ചീഫ് സെക്രട്ടറി**

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
നിയമവും ധനകാര്യവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/
പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് :

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ